01/12/2017

Name : Aswani Raj B.L

Designation : Office Assistant

District : Kollam

Signature :

കുടുംബശ്രീ സംസ്ഥാന മിഷൻ സംഘടിപ്പിച്ച സ്നേഹിത ജൻഡർ ഹെൽപ്ഡെസ്ക് സ്റ്റാഫുകൾക്ക് വേണ്ടി 29/11/17 മുതൽ 01/12/17 വരെ ട്രെയിനിംഗ് വളരെ ഉപകാരപ്രദമായ ഒരു അനുഭവം ആയിരുന്നു. ജൻഡർ എന്താണെന്നും അതിനെക്കുറിച്ച് പഠിക്കാനും സാധിച്ചു. ഒരു ക്ലാസ്സ് എന്നതിലുപരി എല്ലാ ജില്ലയിലുമുള്ള സഹപ്രവർത്തകരെ അറിയാനും അതിലുപരി അവർക്ക് അറിയാവുന്നതും അനുഭവിച്ചിട്ടുള്ളതുമായ കാര്യങ്ങൾ അറിയാനും സാധിച്ചു. അതുപോലെ തന്നെ ഓരോ പ്രവർത്തനവും ചെയ്ത് നമ്മുടെ ഉള്ളിലെ ജൻഡർ ~~[illegible]~~ എന്നതിലുണ്ടായിരുന്ന ധാരണ മനസ്സിലാക്കുകയും, അത് ഓരോ എന്നതിലുപരി എല്ലാവരുടെയും ധാരണ കണക്കിലെടുത്ത് വളരെ ലളിതമായി. എങ്കിൽ ഒരു വലിയ ധാരണ എല്ലാവരുടെയും ഉള്ളിൽ ഉണ്ടാക്കിയെടുക്കാൻ ഈ പരിശീലനത്തിന് സാധിച്ചു. സ്നേഹിതയ്ക്ക് ആവശ്യമായി വേണ്ടി വരുന്ന സ്നേഹിതയിലെ ഒരു സ്റ്റാഫ് എന്നതിലുപരി ഒരു മനുഷ്യൻ എന്ന നിലയിൽ അറിഞ്ഞിരിക്കേണ്ട [illegible] അത്യാവശ്യം നിയമവശങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചു. ഓരോ കേസുമായി സമീപിക്കുമ്പോൾ അവരുടെ മാനസികനില എങ്ങനെ എന്ന് മനസ്സിലാക്കാനും അത് ഒരു പരിധിവരെ എങ്ങനെ പ്രാവർത്തികമാക്കാനാകും എന്നും മനസ്സിലായി. ചുരുക്കത്തിൽ, വളരെ നല്ലൊരു അനുഭവമായിരുന്നു ഈ ത്രിദിന പരിശീലനം.